## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾവഴിയായി ദുർബലവിഭാഗക്കാർക്ക് 1996 ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാകുടിശ്ശിക മുതലും, പലിശയും പിഴപ്പലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിതള്ളി പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിന് അനുമതി നൽകിപുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എംഎസ്)നം.22/2010/തസ്വഭവ. തിരുവനന്തപുരം, തീയ്യതി 30/1/2010.

---

പരാമർശം: 1. സ.ഉ(എംഎസ്) നം.222/09/തസ്വഭവ, തീയതി. 21/11/2009.
2. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 7/12/2009 ലെ ഡി.ഡബ്ളിയു/4052/08/കെ.സി നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 13/1/2010 ലെ ഡിസി4-34973/09 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾ വഴിയായി ദുർബലവിഭാഗക്കാർക്ക് 1996 ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാകുടിശ്ശിക മുതലും, പലിശയും പിഴപ്പലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിതള്ളി പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ നിറുത്തലാക്കിയ കൊല്ലം വികസന അതോറിറ്റിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ആയത് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. നിറുത്തലാക്കിയ കൊല്ലം വികസന അതോറിറ്റിയിൽ നിന്നും ദുർബല വിഭാഗങ്ങൾക്ക് 1996 ന് മുൻപ് അനുവദിച്ചിരുന്ന ഭവനനിർമ്മാണ വായ്പാ കുടിശ്ശികയായ (മുതൽ, പലിശ, പിഴപ്പലിശ ഉൾപ്പെടെ) 2419209/- (ഇരുപത്തിനാല് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി ഒൻപത് രൂപ മാത്രം) രൂപ എഴുതി തള്ളുന്നതിന് അനുമതി നൽകണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക നാലിന് ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാപനങ്ങളോടൊപ്പം പരാമർശം രണ്ടിലെ കത്തിൽ കൊല്ലം

കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള നിറുത്തലാക്കപ്പെട്ട കൊല്ലം വികസന അതോറിറ്റിയിൽ നിന്നും ദുർബല വിഭാഗങ്ങൾക്ക് 1996 ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാ കുടിശ്ശിക സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനത്തിന്റെ പേര്. | പലിശ. | മുതൽ | പിഴപ്പലിശ. | 30/9/2009 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| കൊല്ലം കോർപ്പറേഷൻ | 931729 | 1038115 | 449365 | 2419209 |
| ആകെ | 931729 | 1038115 | 449365 | 2419209 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
പി.കൃഷ്ണപിള്ള
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
സെക്രട്ടറി കൊല്ലം കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പിന് (69848/ഡെവ.3/09/ധന തീയതി.27/10/2009 പ്രകാരം)
ഭവന വകുപ്പിന്.
ഇൻഫർമേഷൻ ആന്റ് പബ്ളിക്റിലേഷൻ വകുപ്പിന് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
സ.ഉ(എംഎസ്) നം.222/09/തസ്വഭവ, തീയതി. 21/11/2009 യുടെ തീർപ്പുഫയലിൽ.